# കേരള കാർഷിക സർവകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)

ഇ-മെയിൽ :- arsanakkayam@kau.in, ഫോൺ : 0483- 2848050


നം: എ1 --2128/2022 തീയ്യതി : 10.04.2023

## ക്വട്ടേഷൻ/ ലേലം പരസ്യം

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലെ വിവിധ ബ്ലോക്കുകളിൽപ്പെട്ട താഴെ പറയുന്ന മരങ്ങൾ 26.04.2023 രാവിലെ 11.00 മണിക്ക് ഫാമിൽ വെച്ച് പരസ്യമായി ലേലം ചെയ്തും ക്വട്ടേഷൻ സ്വീകരിച്ചു വിൽക്കുന്നതാണ്.

| ക്രമ നം. | ബ്ലോക്ക് നം. | മരം നം. | ഇനം | എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1A | 1 | തേക്ക് | 1 | മരം മൊത്തമായി മുറിച്ചു നീക്കുവാൻ |
| 2 | 1A | 25 | വെൻ തേക്ക് | 1 | മരം മൊത്തമായി മുറിച്ചു നീക്കുവാൻ |
| 3 | VI | 87 | അക്കേഷ്യ | 1 | മുറിച്ചു നീക്കുവാൻ |
| 4 | 11 | 60 | തേക്ക് | 1 | മരം മൊത്തമായി മുറിച്ചു നീക്കുവാൻ |
| 5 | 11 | | തേക്ക് | 1 | മുറിച്ചു നീക്കുവാൻ |
| 6 | 11 | 63 | തേക്ക് | 1 | മരം മൊത്തമായി മുറിച്ചു നീക്കുവാൻ |
| 7 | 14 | 47 | തേക്ക് | 1 | മരം മൊത്തമായി മുറിച്ചു നീക്കുവാൻ |
| 8 | 3 | 21 | തേക്ക് | 1 | മരം മൊത്തമായി മുറിച്ചു നീക്കുവാൻ |

### നിബന്ധനകൾ

1. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം **26.04.2023** ന് രാവിലെ 10.30 മണിക്കു മുമ്പായി **12000/- രൂപ** നിരതദ്രവ്യം ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേല ദിവസം രാവിലെ 10.30 മണിക്ക് മുമ്പായി ക്വട്ടേഷനുകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
2. ലേലത്തിൽ ഓരോ മരത്തിനും പ്രത്യേകം പ്രത്യേകം ലേലം വിളിക്കുന്നതാണ്. ക്വട്ടേഷനിൽ ഓരോ മരത്തിനും പ്രത്യേകം വില കാണിക്കേണ്ടതാണ്.
3. ലേലത്തിൽ ഓരോ മരത്തിനും ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിന് ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഓരോ മരത്തിനും ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.
4. ലേലം/ക്വട്ടേഷൻ പിടിച്ച വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ 25% സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായി അന്നേ ദിവസം ഈ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ടി തുക മരം മുറിച്ച് നീക്കം ചെയ്തതിന് ശേഷം പലിശ രഹിതമായി, ബാധ്യതകളൊന്നുമില്ലെങ്കിൽ, തിരിച്ച് നൽകുന്നതാണ്.
5. ലേലത്തിൽ പിടിച്ച മരം മുറിയ്ക്കാനുള്ള അനുവാദം ലഭിച്ച് **15** ദിവസത്തിനകം ഫാമിലെ വസ്തുവഹകൾക്ക് കേടുപാടുകൾ കൂടാതെ മരം മുറിച്ച് മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം ഫാമിന് വരുന്ന നഷ്ടത്തിന് നിയമ വിധേയമായ നടപടികളും പിഴ പലിശയും ഈടാക്കുന്നതായിരിക്കും.
6. മരങ്ങളിൽ പക്ഷിക്കൂടുകളോ, പക്ഷിക്കുഞ്ഞുങ്ങളോ ഉണ്ടെങ്കിൽ ആയവ ആ മരങ്ങളിൽ നിന്നും വിട്ടു പോകുന്നതുവരെ, മരങ്ങൾ മുറിച്ച് മാറ്റുവാൻ പാടുള്ളതല്ല. മുറിക്കുവാൻ അനുവാദം തന്ന മരങ്ങളിൽ പക്ഷിക്കൂടുകളോ, പക്ഷിക്കുഞ്ഞുങ്ങളോ വിട്ട് പോകും മുൻപ് മരങ്ങൾ മുറിക്കുന്നത് ദേശീയ വന്യജീവി സംരക്ഷണ നിയമം 1972 പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്.

7. ലേല സംഖ്യയ്ക്ക് പുറമെ ലേല സംഖ്യയുടെ 18% ചരക്ക് സേവന നികുതിയും (ജി.എസ്.ടി), ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയുടെ 5% വനനികുതിയും (FDT) ലേലം/ക്വട്ടേഷൻ പിടിച്ച ആൾ അടയ്ക്കേണ്ടതാണ്. കൂടാതെ ആനുപാതികമായ ആദായ നികുതിയും ലേലം/ക്വട്ടേഷൻ പിടിച്ച ആൾ അടയ്ക്കേണ്ടതാണ്.

8. ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരം എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാമിൽ വന്ന് പരിശോധിക്കാവുന്നതാണ്. ലേലം സംബന്ധമായ വിവരങ്ങൾക്ക് ഫാം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

9. ലേലം ഉറപ്പിക്കുവാനോ മാറ്റിവെക്കുവാനോ ഉള്ള എല്ലാ അധികാരങ്ങളും ടി കേന്ദ്രത്തിലെ മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം/ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

**(ഒപ്പ്)**
ഡോ. മുസ്തഫ കുന്നത്താടി
പ്രൊഫസർ & ഹെഡ്

പകർപ്പ് :

അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, മലപ്പുറം
ഫാം/ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം കൃഷിഭവൻ നോട്ടീസ് ബോർഡ്
മഞ്ചേരി വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
മഞ്ചേരി താലൂക്ക് ഓഫീസ് നോട്ടീസ് ബോർഡ്
മഞ്ചേരി മുൻസിപ്പാലിറ്റി ഓഫീസ് നോട്ടീസ് ബോർഡ്
ഫാം മാനേജർ
സർക്കുലേഷൻ
പ്രസ് ക്ലബ്ബ് മലപ്പുറം